**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2564** **12.2.2020-ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| | **ചോദ്യം**<br>**ശ്രീ.ആന്റണി ജോൺ :** | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| എ) | സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷി സങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി അടക്കമുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) & ബി) | കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻ കെട്ട്- ൽ 2,87,00,000/- രൂപയുടെ സൗന്ദര്യവത്ക്കരണം പൂർത്തിയാക്കിയിട്ടുണ്ട്.<br>തട്ടേക്കാട്ട് പക്ഷി സങ്കേതത്തിൽ 9,30,000/- രൂപയുടെ താത്കാലിക ബോട്ട് ജെട്ടി പൂർത്തിയാക്കി. എന്നാൽ വനം വകുപ്പിനാണ് ഡെസ്റ്റിനേഷൻ ചുമതല<br>ഇടമലായർ ഡാം പ്രദേശം കെ.എസ്.ഇ.ബി യുടെ അധീനതയിലാണ്.<br>പൂയംകുട്ടി ആദിവാസി മേഖലയായതിനാൽ ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |
| ബി) | പ്രസ്തുത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എന്തെങ്കിലും ടൂറിസം പദ്ധതികൾ നടന്നുവരുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ അവസ്ഥ വിശദമാക്കാമോ; | | |
| സി) | മേൽപ്പറഞ്ഞ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ? | സി) | കോതമംഗം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് കേന്ദ്രീകരിച്ച് ഇറിഗേഷൻ ഡിവിഷന്റെ അധീനതയിലുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഇക്കോ ടൂറിസം പദ്ധതിയുടെ രൂപരേഖ ഇക്കോ ടൂറിസം ഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കി വരികയാണ് |

സെക്ഷൻ ഓഫീസർ